"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി പ്രഭിജ പ്രഭാകരന് ഭാഗം I അനുബന്ധം XIIC പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1849/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/09/2021

---

പരാമർശം:-

1. സ.ഉ(ആർ.റ്റി) നം.2136/2006/തസ്വഭവ, തീയതി 30.08.2006
2. സ.ഉ(ആർ.റ്റി) നം.2299/2011/തസ്വഭവ, തീയതി 07.10.2011
3. പഞ്ചായത്ത് ഡയറക്ടറുടെ 05.09.2016 തീയതിയിലെ ഇ 6-26881/2016 നമ്പർ നടപടിക്രമം
4. പഞ്ചായത്ത് ഡയറക്ടറുടെ 17.07.2019 ലെ ഇ6-8943/19നമ്പർ

   നടപടിക്രമം
5. സ.ഉ(സാധാ) നം.152/20/ധന, തീയതി 05.11.2020.
6. ശ്രീമതി പ്രഭിജ പ്രഭാകരന്റെ 06.08.2020ലെ ശൂന്യവേതനാവധിയപേക്ഷ.
7. പഞ്ചായത്ത് ഡയറക്ടറുടെ 05.02.2021, 22.04.2021 എന്നീ തീയതികളിലെ ഇ6-13449/20നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.പ്രഭിജ പ്രഭാകരന് കെ.എസ്.ആർ ഭാഗം 1 അനുബന്ധം 1 2 സി പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (6) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (7) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.പ്രഭിജ പ്രഭാകരന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 01.09.2006 മുതൽ 5 വർഷത്തേക്കും, ആയതിന് തുടർച്ചയായി പരാമർ ശം (2) സർക്കാർഉത്തരവ് പ്രകാരം വീണ്ടും 5 വർഷത്തേക്കും, പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) നമ്പർ നടപടിക്രമം പ്രകാരം 02.09.2016 മുതൽ 5 വർഷത്തേക്കും കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 സി പ്രകാരം ശൂന്യവേതനാവധി

അനുവദിച്ചിരുന്നു. 19.05.2018 മുതൽ 01.09.2021 വരെയുള്ള ടിയാൾ വിനിയോഗിക്കാത്ത കാലയളവ് പരാമർശം (4) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.പ്രബിജ പ്രഭാകരന് യാതൊരു കാരണവശാലും ഇനിയൊരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ലായെന്ന വ്യവസ്ഥയിൽ വിദേശത്തുള്ള പങ്കാളിയോടൊപ്പം ചേരുന്നതിനായി 01.10.2020 മുതൽ 30.09.2025 വരെ കെ.എസ്.ആർ, ഭാഗം I, XII C ചട്ടം 10 ൽ ഇളവ് വരുത്തിയും ടി ചട്ടത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കേണ്ടതാണ്. തിരികെ പ്രവേശിക്കാത്ത പക്ഷം ചട്ട പ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, മുണ്ടേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.പ്രബിജ പ്രഭാകരൻ, ക്ലാർക്ക്, മുണ്ടേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പ് (01.09.2021ലെ 104/ഡെവ-5/21/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(36/ഇപിഎ1/2021/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danijell

സെക്ഷൻ ഓഫീസർ